കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം 60- സ്പഷ്ടീകരണ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്

സ.ഉ.(എം.എസ്) നം.187/10/തസ്വഭവ. തിരുവനന്തപുരം, തീയതി 30/08/2010

---

പരാമർശം:- കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം 161.

## ഉത്തരവ്

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം 60 പ്രകാരം 125 ചതുരശ്ര മീറ്ററിനു താഴെയുള്ള പ്ലോട്ടുകളെയാണ് ചെറിയ പ്ലോട്ടുകളായി പരിഗണിക്കുന്നത്. എന്നാൽ ആധാര പ്രകാരം ആകെ സ്ഥല വിസ്തീർണ്ണം 125 ചതുരശ്ര മീറ്ററിൽ കൂടുകയും യഥാർത്ഥത്തിൽ നിർമ്മാണത്തിനു ലഭ്യമാകുന്ന പ്ലോട്ടിന്റെ വിസ്തീർണ്ണം 125 ചതുരശ്ര മീറ്ററോ അതിൽ കുറവോ ആയിരിക്കുകയും ചെയ്യുന്ന പ്ലോട്ടുകൾക്ക് ചെറിയ പ്ലോട്ടിന്റെ ആനുകൂല്യം ലഭ്യമാകുന്നില്ലായെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം 161 അനുശാസിക്കുന്ന അധികാരം ഉപയോഗിച്ച് കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം 60-ന് താഴെ പറയും പ്രകാരം സ്പഷ്ടീകരണ ഉത്തരവ് സർക്കാർ പുറപ്പെടുവിക്കുന്നു.

വഴിയോ, കെട്ടിട നിർമ്മാണം അസാധ്യമാക്കുന്ന മറ്റു തടസ്സങ്ങളുള്ള ഭാഗമോ ഒഴികെ, യഥാർത്ഥത്തിൽ നിർമ്മാണത്തിനു ലഭ്യമാകുന്ന പ്ലോട്ടിന്റെ വിസ്തീർണ്ണം 125 ചതുരശ്ര മീറ്റർ വരെയെ ഉള്ളുവെങ്കിൽ പ്രസ്തുത പ്ലോട്ടിനെ ചെറിയ പ്ലോട്ടായി പരിഗണിച്ച് അതിന്റെ ആനുകൂല്യം 150 സ്ക്വയർ മീറ്റർ വിസ്തൃതിയുള്ള ഒറ്റ വാസഗൃഹങ്ങൾക്ക് നൽകാവുന്നതാണ്. എന്നാൽ കെട്ടിട നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലത്തിന്റെ വിസ്തൃതി ജില്ലാ ടൗൺ പ്ലാനറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കണം നിശ്ചയിക്കേണ്ടത്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**എസ്.എം.വിജയാനന്ദ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

ചീഫ് ടൗൺ പ്ലാനർ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യഡയറക്ടർ,തിരുവനന്തപുരം
എല്ലാ ജില്ലാ/ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാകോർപ്പറേഷൻ /മുനിസിപ്പാലിറ്റി/ചെയർമാൻമാർക്കും/ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഐആന്റ് പി.ആർ.ഡി (ഗവൺമെന്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ),തിരുവനന്തപുരം
ഡയറക്ടർ ലോക്കൽഫണ്ട് ആഡിറ്റ്,തിരുവനന്തപുരം
ധനകാര്യ വകുപ്പ്

തദ്ദേശസ്വയംഭരണ (ആർ.എ)വകുപ്പ്/ തദ്ദേശസ്വയംഭരണ (ആർ.ബി)വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.
പകർപ്പ്: ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എസ്സ്/സെക്രട്ടറിയുടെ പി.എസ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ